(സി) മിനി ബസ്സ് സംവിധാനം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ജീവനക്കാരുടെ അലംഭാവം മൂലം ഒരു സർവ്വീസും ഒരിടത്തും നിർത്തിവെച്ചിട്ടില്ല.

(സി) അനധികൃത പാരലൽ സർവ്വീസുകൾ ഒഴിവാക്കുന്നതിനുവേണ്ടിയും, വലിയ ബസ്സുകൾക്ക് കടന്നുപോകുവാനാകാത്ത പ്രദേശങ്ങളിലെ ജനങ്ങൾക്ക് യാത്രാസൗകര്യം പ്രദാനം ചെയ്യാനുമാണ് മിനി സർവ്വീസുകൾ ആരംഭിച്ചത്. ഇങ്ങനെ ആരംഭിച്ച് ലാഭകരമായി ഓടുന്നുവെന്നുകണ്ട എല്ലാ മിനി സർവ്വീസുകളും തുടർന്നും ഓപ്പറേറ്റു ചെയ്യുന്നുണ്ട്.

കട്ടേലഭാഗത്തേയ്ക്ക് കൂടുതൽ ബസ്സ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി

110 [2237] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന് സമീപം അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്ക്കൂൾ സ്ഥിതി ചെയ്യുന്ന കട്ടേല പ്രദേശത്തേയ്ക്ക് കെ.എസ്.ആർ.ടി.സി എത്ര സർവ്വീസുകൾ നടത്തുന്നുണ്ട്;

(ബി) ഒറ്റപ്പെട്ട ഈ പിന്നോക്ക പ്രദേശത്തേയ്ക്ക് ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ബസ്സ് സർവ്വീസുകൾ പൂർണ്ണമായും നിർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കട്ടേല ഭാഗത്തേയ്ക്ക് കൂടുതൽ ബസ്സ് സർവ്വീസുകൾ അനുവദിക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) 5 ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. അവധി ദിവസങ്ങളിൽ കളക്ഷൻ തീരെ കുറവായ കാരണത്താലാണ് ഓടിക്കാതിരിക്കുന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കൂടുതൽ ബസ്സുകൾ അനുവദിക്കുവാൻ നടപടി

111 [2238] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ലാഭകരമായി പ്രവർത്തിച്ചു വരുന്ന റൂട്ടുകളിൽ കൂടുതൽ ബസ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly